കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - മല്ലപ്പള്ളി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ഷാജി ഇടിക്കുളയുടെ മകൻ ശ്രീ.ഇടിക്കുള ഷാജിയ്ക്ക് ഗ്രാമവികസന വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നം. 60/2016/തസ്വഭവ    തിരുവനന്തപുരം, തീയതി, 16.04.2016.

---

പരാമർശം: 1) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ.
2) ശ്രീ.ഇടിക്കുള ഷാജി, ആല്പമൂട്ടിൽ, വെസ്റ്റ് ഓതറ, കുറ്റൂർ, തിരുവല്ല, പത്തനംതിട്ട ജില്ല സമർപ്പിച്ച 18.12.2013-ലെ അപേക്ഷ.
3) ഗ്രാമവികസന കമ്മീഷണറുടെ 23.07.2014-ലെ 14619/എസ്റ്റാ.ബി1/14/സിആർഡി നമ്പർ കത്ത്.
4) പത്തനംതിട്ട ജില്ലാ കളക്ടറുടെ 10.12.2015-ലെ എസ്4-34238/2014/3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് മല്ലപ്പള്ളി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി ജോലി നോക്കി വരവെ 25.11.2009-ൽ മരണമടഞ്ഞ ഷാജി ഇടിക്കുളയുടെ മകൻ ശ്രീ.ഇടിക്കുള ഷാജി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. 25.11.2009-ൽ മരണമടഞ്ഞ ഷാജി ഇടിക്കുളയ്ക്ക് 24 വർഷം 11 മാസം 9 ദിവസം സർവ്വീസ് ഉണ്ടായിരുന്നു. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 14.04.1962, 17.12.1984 ആണ്.

2) മുകളിൽ പരാമർശം (3) വായിച്ച കത്തു പ്രകാരം 06.05.1994-ൽ ജനിച്ച അപേക്ഷകൻ 10-ാം ക്ലാസ്സ് പാസ്സായിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും പത്തനംതിട്ട ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. ഇടിക്കുള ഷാജിയ്ക്ക് ജോലി നൽകുന്നതിൽ എതിർപ്പില്ല എന്ന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 4,75,824/- രൂപയാണെന്ന് കുറ്റൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും തിരുവല്ല തഹസിൽദാറുടെ അവകാശ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ മല്ലപ്പള്ളി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ഷാജി ഇടിക്കുളയുടെ മകൻ ശ്രീ. ഇടിക്കുള ഷാജി, ആല്പമൂട്ടിൽ, വെസ്റ്റ് ഓതറ, കുറ്റൂർ, തിരുവല്ല, പത്തനംതിട്ട-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് 9940-16580 രൂപ ശമ്പള സ്കെയിലിൽ പത്തനംതിട്ട ജില്ലയിൽ നിലവിലുള്ളതോ/പുതിയ ഒഴിവിലേയ്ക്കോ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ

നിയമനം ഇപ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) ഗ്രാമവികസന കമ്മീഷണർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകന് എത്രയും വേഗം നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

5) അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി.ഡേവിഡ് മിൽട്ടൺ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.ഇടിക്കുള ഷാജി, ആലുമൂട്ടിൽ, വെസ്റ്റ് ഓതറ, കുറ്റൂർ, തിരുവല്ല, പത്തനംതിട്ട ജില്ല.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മല്ലപ്പള്ളി, പത്തനംതിട്ട.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഒഎസ്-1) വകുപ്പ് (തസ്വഭവ-ഇആർഎ3/5/2014-തസ്വഭവ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ